
# സഭാനാദം വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട ഭദ്രാസന ബുള്ളറ്റിൻ

2016 മാർച്ച്
വാല്യം : 6, ലക്കം : 2





തിരുവനന്തപുരം
ലത്തീൻ അതിരൂപതയുടെ
സഹായ മെത്രാൻ
മോൺ. ക്രിസ്തുദാസ്
അഭിവന്ദ്യ പിതാവിനോടൊപ്പം

## തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സഹായമെത്രാൻ മോൺ ക്രിസ്തു ദാസിന് പത്തനംതിട്ട ഭദ്രാസനത്തിന്റെ

## **പ്രാർത്ഥനാശംസകൾ.....**



മോൺ ക്രിസ്തുദാസ്



പാതിനോമ്പാചരണത്തിന്റെ ഭാഗമായി ഭദ്രാസന എം.സി.വൈ.എം, എം.സി.എ,
മാതൃസമാജം എന്നീ ഭക്തസംഘടനകളുടെ നേതൃത്വത്തിൽ വിശുദ്ധ കുരിശിന്റെ വഴി



രൂപതാ മാതൃവേദി കർമ്മപദ്ധതി ഉദ്ഘാടനം 2016 ഫെബ്രുവരി 27 ശനിയാഴ്ച
വകയാർ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽവച്ച് അഭിവന്ദ്യ പിതാവ് നിർവഹിച്ചു.

2016
മാർച്ച്

വാല്യം : 6
ലക്കം : 2

# സാന്തോം വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട ഭദ്രാസന ബുള്ളറ്റിൻ

TO LOVE GOD AND NEIGHBOUR

ഉൾപേജുകൾ

ഫ്രാൻസിസ് പാപ്പായുടെ നോമ്പുകാല സന്ദേശം ........................ 3
എപ്പോഴും സന്തോഷിക്കുവിൻ - മൽപാൻ ജി. ചേടിയത്ത് ...... 10
എം.സി.വൈ.എം .................................................................... 13
വിശ്വാസ പരിശീലന കാര്യാലയം ................................................. 20
അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റി........................... 21




Published By:
**Rev. Dr. Geevarghese Chediath**
Chancellor, Eparchy of Pathanamthitta
Ph: 9495605495

Chief Editor :
**Rev. Fr. Prince Koickal**
Ph: 9495266314
email: sathomvoicepta@gmail.com

# ഫ്രാൻസിസ് പാപ്പായുടെ നോമ്പുകാല സന്ദേശം – 2016

## *കരുണയാണ് ബലിയല്ല ഞാൻ ആഗ്രഹിക്കുന്നത് (മത്താ 9:13)*

## കാരുണ്യത്തിന്റെ പ്രവൃത്തികൾ – ജൂബിലിയുടെ പാതയിൽ

1. താൻ സുവിശേഷവത്കരിക്കപ്പെട്ടതുകൊണ്ട് സുവിശേഷവത്കരിക്കുന്ന സഭയുടെ പ്രതിബിംബമായ മറിയം

"ഈ ജൂബിലി വർഷത്തിലെ നോമ്പുകാലം ദൈവത്തിന്റെ കാരുണ്യം ആഘോഷിക്കാനും അനുഭവിക്കാനുമുള്ള പ്രത്യേക നിമിഷമായി കൂടുതൽ തീവ്രതയോടെ ജീവിക്കണ"മെന്ന് കാരുണ്യത്തിന്റെ അസാധാരണ ജൂബിലിയെ സംബന്ധിച്ച കല്പനയിൽ ഞാൻ ആവശ്യപ്പെട്ടിരുന്നു (കരുണയുടെ മുഖം 17). ദൈവവചനം കൂടുതൽ ശ്രദ്ധയോടെ ശ്രവിക്കാനും 24 മണിക്കൂറും കർത്താവിനുവേണ്ടി ജീവിക്കാനും പ്രോത്സാഹിപ്പിച്ചു. ദൈവവചനത്തെ പ്രത്യേകിച്ച് അവിടത്തെ പ്രവാചക വചനത്തെ പ്രാർത്ഥനാപൂർവം ശ്രവിക്കുന്നതിന്റെ പ്രാഥമ്യത്തെക്കുറിച്ച് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിച്ചു. ദൈവകാരുണ്യം ലോകത്തോടുള്ള ഒരു പ്രഘോഷണമാണ്. ആദ്യം ഓരോ ക്രൈസ്തവനും അനുഭവിക്കാനുള്ള പ്രഘോഷണം തന്നെ. ഇക്കാരണത്താൽ നോമ്പുകാലത്ത് കാരുണ്യത്തിന്റെ മിഷണറിമാരെ ഞാൻ അയയ്ക്കും. ദൈവത്തിന്റെ ഉറ്റബന്ധത്തെയും ക്ഷമയെയും സംബന്ധിച്ച് ഓരോ വ്യക്തിക്കുമുള്ള വസ്തുനിഷ്ഠമായ അടയാളമെന്ന നിലയിലാണ് അയയ്ക്കുന്നത്.

മുഖ്യദൂതനായ ഗബ്രിയേലിൽ നിന്ന് സദ്‌വാർത്ത ശ്രവിച്ചതിനുശേഷം ദൈവം തന്നെ കാരുണ്യപൂർവം തിരഞ്ഞെടുത്തതിനെ സംബന്ധിച്ച് മറിയം മഹത്വകീർത്തനത്തിൽ പാടുന്നു. ജോസഫുമായി വിവാഹവാഗ്ദാനം നടത്തിയിരുന്ന നസ്രസിലെ കന്യക അങ്ങനെ, സുവിശേഷവത്കരിക്കുന്ന സഭയുടെ പൂർണതയുള്ള ഐക്കൺ ആയിത്തീരുന്നു. എന്തെന്നാൽ കന്യാത്വപരമായ തന്റെ ഉദരത്തെ ഫലപൂർണമാ

ക്കിയ പരിശുദ്ധാത്മാവിനാൽ അവൾ സുവിശേഷവത്കരിക്കപ്പെട്ടു, സുവിശേഷവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രവാചകപാരമ്പര്യപ്രകാരം കരുണ മാതൃഗർഭത്തോട് (റഹാമിം) ഉറ്റബന്ധം പുലർത്തുന്നു. പദനിഷ്പതിയുടെ തലത്തിൽപോലും അങ്ങനെയാണ്. വിവാഹത്തിലും കുടുംബബന്ധങ്ങളിലും കാണിക്കുന്ന ഉദാരതയും വിശ്വസ്തതയും സഹാനുഭൂതിയുമുള്ള നന്മയോടും ആ പദം (ഹെസെദ്) ബന്ധപ്പെട്ടിരിക്കുന്നു.

**2. മനുഷ്യവംശവുമായുള്ള ദൈവത്തിന്റെ ഉടമ്പടി: കാരുണ്യത്തിന്റെ ഒരു ചരിത്രം**

ദൈവിക കാരുണ്യമെന്ന രഹസ്യം ദൈവവും തന്റെ ജനമായ ഇസ്രായേലും തമ്മിലുള്ള ഉടമ്പടിയുടെ ചരിത്രത്തിൽ വെളിവാക്കപ്പെട്ടിട്ടുണ്ട്. ദൈവം കരുണയിൽ നിത്യസമ്പന്നനായി സ്വയം വെളിപ്പെടുത്തുന്നു. അഗാധമായ വാത്സല്യത്തോടും സഹതാപത്തോടും കൂടി തന്റെ ജനതയോടു പൊരുതാൻ അവിടന്ന് എപ്പോഴും സന്നദ്ധനാണ്. അവിശ്വസ്തത ഉടമ്പടി തകർക്കുന്ന ദുരന്തപരമായ നിമിഷങ്ങളിൽ പ്രത്യേകിച്ച് അവിടന്നു അപ്രകാരം പെരുമാറുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഉടമ്പടി നീതിയിലും സത്യത്തിലും കൂടുതൽ ദൃഢതയോടെ സ്ഥിരീകരിക്കപ്പെടേണ്ടി വന്നു. ഇവിടെ ഒരു യഥാർത്ഥ പ്രണയകഥയാണുള്ളത്. ഒറ്റിക്കൊടുക്കപ്പെട്ട പിതാവിന്റെയും ഭർത്താവിന്റെയും ഭാഗം അതിൽ ദൈവം അഭിനയിക്കുന്നു. ഇസ്രായേലാകട്ടെ വിശ്വസ്തതയില്ലാത്ത സന്താനത്തിന്റെയും മണവാട്ടിയുടെയും ഭാഗം അഭിനയിക്കുന്നു. ഈ ഗാർഹിക പ്രതിബിംബങ്ങൾ ഹോസിയാ പ്രവാചകന്റെ കാര്യത്തിലെന്നപോലെ (cf ഹോസിയാ 1-2) ദൈവം തന്റെ ജനത്തോട് എത്രമാത്രം ഒട്ടിനില്ക്കാൻ ആഗ്രഹിക്കുന്നുവെന്നു കാണിക്കുന്നു.

ഈ പ്രണയകഥ ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ പൂർണതയിലെത്തുന്നു. ക്രിസ്തുവിൽ പിതാവ് തന്റെ അളവറ്റ കാരുണ്യം ചൊരിയുന്നു. ക്രിസ്തുവിനെ "മനുഷ്യാവതാരം ചെയ്ത കാരുണ്യ" (കാരുണ്യത്തിന്റെ മുഖം 8)മാക്കിത്തീർക്കുന്നതിനോളം കാരുണ്യം

ചൊരിയുന്നു. നസ്രായനായ യേശു മനുഷ്യനെന്ന നിലയിൽ യഥാർത്ഥ ഇസ്രായേൽ പുത്രനാണ്. ഓരോ യഹൂദനോടും ക്ഷമാ ആവശ്യപ്പെടുന്ന പരിപൂർണമായ ശ്രവണത്തിന്റെ മൂർത്തീഭാവമാണ്. അത് ഇന്നും ഇസ്രായേലുമായുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ കേന്ദ്ര മാണ്: "ഇസ്രായേലേ കേൾക്കുക നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കണം" (നിയാ 6:4-5). ദൈവപുത്രനെന്ന നിലയിൽ അവിടന്ന് തന്റെ മണവാട്ടിയുടെ സ്നേഹം നേടാൻ എല്ലാ കാര്യവും ചെയ്യുന്ന മണവാളനാണ്. വ്യവസ്ഥകൾക്ക് അതീതമായ സ്നേഹത്താൽ അവിടന്ന് അവളോട് ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ സ്നേഹം ശാശ്വത വിവാഹോത്സവത്തിൽ ദൃശ്യമായിത്തീർന്നു.

അപ്പസ്തോലിക കെരിഗ്മയുടെ കേന്ദ്രം ഇതാണ്. അതിൽ ദൈവിക കാരുണ്യം മൗലികമായ കേന്ദ്രസ്ഥാനം വഹിക്കുന്നു. "മരിച്ച് മൃതരിൽ നിന്ന് ഉത്ഥാനം ചെയ്ത യേശു ക്രിസ്തുവിൽ ദൈവത്തിനുള്ള രക്ഷാകരസ്നേഹത്തിന്റെ സൗന്ദര്യമാണ് വെളിവാക്കപ്പെട്ടിട്ടുള്ളത്" (സുവിശേഷത്തിന്റെ സന്തോഷം 36). അതാണ് പ്രഥമ പ്രഘോഷണം. അത് "വ്യത്യസ്ത രീതികളിൽ വീണ്ടും വീണ്ടും കേൾക്കണം. അത് ഓരോ തലത്തിലും നിമിഷത്തിലും മതബോധനപ്രക്രിയയിലുട നീളം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ അറിയിക്കണം" (അവിടെത്തന്നെ 164) "ഓരോ പാപിയിലേക്കും എത്തിച്ചേരുന്നതിനു ദൈവത്തിനുള്ള രീതിയെ കാരുണ്യം പ്രകാശിപ്പിക്കുന്നു. തന്നിലേക്കു തന്നെ തിരിഞ്ഞു നോക്കാനും മാനസാന്തരപ്പെട്ട് വിശ്വസിക്കാനുമുള്ള പുതിയൊരു അവസരം അതു നല്കുന്നു" (കാരുണ്യത്തിന്റെ മുഖം 21). അങ്ങനെ അവിടത്തോടുള്ള ബന്ധം അത് പുനഃസ്ഥാപിക്കുന്നു. ദൈവം ക്രൂശിതനായ യേശുവിൽ, പാപികളുടെയടുത്തേക്കു വരാനുള്ള ദൈവത്തിന്റെ ആഗ്രഹം ദൈവം വ്യക്തമാക്കുന്നു. പാപികൾ തന്നിൽ നിന്നു എത്രമാത്രം അകന്നുപോയാലും ദൈവം തന്റെ ആഗ്രഹം വ്യക്തമാക്കുന്നു.

### 3. കാരുണ്യത്തിന്റെ പ്രവൃത്തികൾ

ദൈവത്തിന്റെ കാരുണ്യം മനുഷ്യഹൃദയങ്ങളെ പരിവർത്തനം ചെയ്യിക്കുന്നു. വിശ്വസ്തസ്നേഹത്തിന്റെ അനുഭവത്തിലൂടെ കരുണയുള്ളവരായിത്തീരാൻ അത് നമ്മെ ശക്തരാക്കുന്നു. നിത്യനൂതനമായ അദ്ഭുതകൃത്യത്തിലൂടെ ദൈവകാരുണ്യം നമ്മുടെ ജീവിതത്തിൽ പ്രകാശിപ്പിക്കുന്നു. അയൽക്കാരെ സ്നേഹിക്കാനും കാരുണ്യത്തിന്റെ ആത്മീയവും ശാരീരികവുമായ പ്രവൃത്തികളെന്നു സഭയുടെ പാരമ്പര്യം വിളിക്കുന്ന പ്രവൃത്തികൾക്കായി സ്വയം സമർപ്പിക്കാനും അത് നമ്മിൽ ഓരോരുത്തരെയും പ്രചോദിപ്പിക്കുന്നു. ആ പ്രവൃത്തികൾ നമ്മെ ഒരു കാര്യം ഓർമ്മിപ്പിക്കുന്നു. അതായത് നമ്മുടെ അയൽക്കാർക്കുവേണ്ടിയുള്ള ശാരീരികവും ആത്മീയവുമായ സഹായം നല്കുന്ന വസ്തുനിഷ്ഠമായ അനുദിന പ്രവൃത്തികളിലൂടെയാണ് വിശ്വാസം പ്രകടിപ്പിക്കപ്പെടുന്നതെന്ന് അവ ഓർമ്മിപ്പിക്കുന്നു. അയൽക്കാർക്ക് ഭക്ഷണം നല്കി പോഷിപ്പിച്ചുകൊണ്ടും, അവരെ സന്ദർശിച്ചുകൊണ്ടും അവരെ പഠിപ്പിച്ചുകൊണ്ടും തന്നെ. അക്കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നാം വിധിക്കപ്പെടും. ഇക്കാരണത്താൽ ഞാൻ ഇപ്രകാരം എന്റെ ആഗ്രഹം പ്രകടിപ്പിച്ചു: "ക്രൈസ്തവ ജനം ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവൃത്തികളെക്കുറിച്ച് വിചിന്തനം ചെയ്യണം. അത് നമ്മുടെ മനസ്സാക്ഷിയെ തട്ടിയുണർത്താനുള്ള ഒരു മാർഗമായിരിക്കും. ദാരിദ്ര്യത്തിന്റെ മുമ്പിൽ മിക്കപ്പോഴും മരവിച്ചുപോകുന്ന മനസ്സാക്ഷിയെത്തന്നെ. ദൈവകാരുണ്യത്തിന്റെ സവിശേഷാനുഭവമുള്ള സുവിശേഷത്തിന്റെ ഹൃദയത്തിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലാനും അതൊരു മാർഗമാണ് (അവിടെത്തന്നെ 15). എന്തെന്നാൽ ദരിദ്രരുടെയും പീഡിതരുടെയും ഞെരുക്കപ്പെട്ടവരുടെയും മർദ്ദിക്കപ്പെട്ടവരുടെയും പോഷണം ലഭിക്കാത്തവരുടെയും നാടുകടത്തപ്പെട്ടവരുടെയും ശരീരത്തിൽ യേശുവിന്റെ ശരീരം ദൃശ്യമാകുന്നു. നാം അവരെ അംഗീകരിക്കുകയും സ്പർശിക്കുകയും സംരക്ഷിക്കുകയും വേണം (അവിടെത്തന്നെ). നിഷ്കളങ്കനായ കുഞ്ഞാടിനുണ്ടായ സഹനം കാലത്തിൽ വ്യാപിക്കുന്ന അപൂർവവും ഉതപ്പുണ്ടാക്കുന്നതുമായ രഹസ്യമാണത്. സൗജന്യസ്നേഹത്തിന്റെ കത്തുന്ന മുൾപ്പടർപ്പാണ് ആ കുഞ്ഞാട്. ഈ സ്നേഹത്തിനു മുമ്പിൽ മോശയെപ്പോലെ നമ്മുടെ ചെരിപ്പുകൾ അഴിച്ചു മാറ്റാം ((cf പുറ 3:5), പ്രത്യേകിച്ച് വിശ്വാസത്തിനുവേണ്ടി സഹിക്കുന്ന നമ്മുടെ

സഹോദരീസഹോദരന്മാരാണ് ആ ദരിദ്രരെങ്കിൽ അപ്രകാരം ചെയ്യണം.

മരണത്തെക്കാൾ ശക്തമായ ഈ സ്നേഹത്തിന്റെ വെളിച്ചത്തിൽ (cf ഉത്തമ 8:6) തങ്ങൾ ആരാണെന്നു തിരിച്ചറിയാൻ മനസ്സില്ലാത്തവരാണ് യഥാർത്ഥ ദരിദ്രരെന്ന് വ്യക്തമാകുന്നു. തങ്ങൾ സമ്പന്നരാണെന്ന് അവർ കരുതുന്നു. എന്നാൽ അവർ ദരിദ്രരിൽ ഏറ്റവും ദരിദ്രരാണ്. അവർ പാപത്തിന്റെ അടിമകളായതുകൊണ്ടുതന്നെ. ദൈവത്തിനും മറ്റുള്ളവർക്കും വേണ്ടി സേവനം ചെയ്യാൻ സമ്പത്തും അധികാരവും ഉപയോഗിക്കാതിരിക്കാൻ പാപം അവരെ പ്രേരിപ്പിക്കുന്നു. തങ്ങളും ദരിദ്രരിൽ ദരിദ്രരാണെന്ന അഗാധമായ ബോധത്തിൽ ഹൃദയങ്ങളെ മരവിപ്പിക്കാനാണ് പാപം അവരെ പ്രേരിപ്പിക്കുന്നത്. സമ്പത്തും അധികാരവും വർധിക്കുന്നതനുസരിച്ച് അന്ധതയും വഞ്ചനയും വർധിക്കുന്നു. വീട്ടു പടിക്കൽ യാചിച്ചുകൊണ്ടിരിക്കുന്ന ലാസറിനെ കാണാൻ കഴിയാതിരിക്കുന്നതുവരെ അതു വർധിക്കുന്നു. ദരിദ്രനായ ലാസർ ക്രിസ്തുവിന്റെ പ്രതീകമാണ്. അവിടന്ന് നമ്മുടെ മാനസാന്തരത്തിനായി ദരിദ്രരിലൂടെ യാചിക്കുന്നു. ദൈവം നമുക്കു നല്കുന്ന മാനസാന്തര സാധ്യതയുടെ പ്രതീകമാണവിടന്ന്. അതു കാണുന്നതിൽ നാം പരാജയപ്പെടുന്നു. അത്തരം അന്ധത മിക്കപ്പോഴും നമ്മുടെ സർവശക്തിയെക്കുറിച്ചുള്ള മിഥ്യാധാരണയോടൊപ്പമുള്ളതാകാം. “നീ ദൈവത്തെപ്പോലെയാകും” (ഉത്പ 3:5) എന്ന പൈശാചിക പ്രേരണയെ അതു പ്രതിഫലിപ്പിക്കുന്നു. അതാകട്ടെ എല്ലാ പാപങ്ങളുടെയും വേരാണ്. ഈ മിഥ്യാധാരണ സാമൂഹികവും രാഷ്ട്രീയവുമായ രൂപങ്ങളിൽ പ്രത്യക്ഷപ്പെടാം. ഇരുപതാം നൂറ്റാണ്ടിലെ സ്വേഛാധിപത്യ സമ്പ്രദായങ്ങളിലും നമ്മുടെ കാലഘട്ടത്തിൽ ചിന്തയെയും സാങ്കേതിക വിദ്യകളെയും കുത്തകയാക്കുന്ന പ്രത്യയശാസ്ത്രങ്ങളിലും കാണപ്പെട്ടതുപോലെതന്നെ. അവ ദൈവത്തെ അപ്രസക്തനാക്കുകയും മനുഷ്യരെ ചൂഷണം ചെയ്യപ്പെടേണ്ട അസംസ്കൃതവസ്തുക്കളാക്കുകയും ചെയ്യുന്നു. പണമാകുന്ന വിഗ്രഹത്തെ ആരാധിക്കുന്നതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള മിഥ്യയായ വികസനമാതൃകയോടു ബന്ധപ്പെട്ട പാപകരമായ വ്യവസ്ഥിതികളിലും ഈ മിഥ്യാധാരണ കാണാവുന്നതാണ്. കൂടുതൽ സമ്പന്നരായ വ്യക്തികളും സമൂഹങ്ങളും ദിരദ്രരുടെ ദുരവസ്ഥയോടു പരിഗണന കാണിക്കാത്ത അവ

സ്ഥയിലേക്ക് അതു നയിക്കുന്നു. ദരിദ്രരെ കാണുകപോലും ചെയ്യാതിരിക്കാൻവേണ്ടി അവർ കതകടയ്ക്കുന്നു.

അതുകൊണ്ട് ഈ ജൂബിലിവർഷത്തിലെ നോമ്പുകാലം അസ്തിത്വപരമായ നമ്മുടെ ഒറ്റപ്പെടലിനെ കീഴടക്കാൻ ഉചിതമായ അവസരമാണ് നമുക്കെല്ലാവർക്കും നല്കുന്നത്. ദൈവവചനശ്രവണം കൊണ്ടും കാരുണ്യപ്രവൃത്തികൾകൊണ്ടും നമുക്ക് ആ ഒറ്റപ്പെടലിനെ കീഴടക്കാം. പോഷിപ്പിക്കപ്പെടേണ്ടവരും ഉടുപ്പിക്കപ്പെടേണ്ടവരും സന്ദർശിക്കപ്പെടേണ്ടവരുമായ നമ്മുടെ സഹോദരീസഹോദരന്മാരിൽ ശാരീരിക കാരുണ്യപ്രവൃത്തികളിലൂടെ ക്രിസ്തുവിന്റെ ശരീരത്തെ നമുക്കു സ്പർശിക്കാം. ഉപദേശം, പഠിപ്പിക്കൽ, ക്ഷമിക്കൽ മുന്നറിയിപ്പു നല്കൽ, പ്രാർത്ഥന എന്നിങ്ങനെയുള്ള ആത്മീയ കാരുണ്യപ്രവൃത്തികളിലൂടെ നമ്മുടെ പാപാവസ്ഥയെ നമുക്കു കൂടുതൽ നേരിട്ടു സ്പർശിക്കാം. ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവൃത്തികളെ ഒരിക്കലും വേർതിരിക്കരുത്. ക്രൂശിതനായ സഹിക്കുന്ന യേശുവിനെ സ്പർശിക്കുന്നതുവഴി പാപികൾക്കു ഒരു ദാനം സ്വീകരിക്കാനാവും. തങ്ങൾക്കു തന്നെയും ദരിദ്രരും ആവശ്യത്തിൽപ്പെട്ടവരുമാണെന്ന തിരിച്ചറിവാണ് ആ ദാനം. ഈ മാർഗത്തിലൂടെ സഞ്ചരിച്ചാൽ മഹത്ത്വകീർത്തനത്തിൽ "അഹങ്കാരികൾ", "ശക്തന്മാർ", "സമ്പന്നൻ" എന്നിങ്ങനെ വിവരിക്കപ്പെടുന്നവരും ക്രൂശിതനായ ക്രിസ്തുവിനാൽ ആശ്ലേഷിക്കപ്പെടുകയും, അവർ അയോഗ്യരാണെങ്കിലും സ്നേഹിക്കപ്പെടുകയും ചെയ്യും. അവിടന്ന് അവർക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്തുവല്ലോ. ജ്ഞാനം, അധികാരം, സമ്പത്ത് എന്നീ വിഗ്രഹങ്ങൾകൊണ്ടു തൃപ്തിപ്പെടുത്താനാവുമെന്ന് നാം ചിന്തിക്കുന്ന അനന്ത സൗഭാഗ്യത്തിനും സ്നേഹത്തിനും വേണ്ടിയുള്ള തീവ്രാഭിലാഷത്തിനുള്ള മറുപടി ഈ സ്നേഹം മാത്രമാണ്. എന്നാലും എപ്പോഴും ഒരു അപകടമുണ്ട്. ദരിദ്രരിലൂടെ വാതുക്കൽ മുട്ടുന്ന യേശുക്രിസ്തുവിന് ഹൃദയവാതിലുകൾ തുറന്നുകൊടുക്കാതെ നിരന്തരം നിരസിക്കുന്ന അഹങ്കാരികളും സമ്പന്നരും ശക്തരും സ്വയം ശപിക്കുന്നതിലേക്കും ഏകാന്തതയുടെ ശാശ്വത ഗർത്തത്തിലേക്കും വീഴും. അതുതന്നെയാണു നരകം. "അവർക്കു മോശയും പ്രവാചകരുമുണ്ടല്ലോ, അവർ അവനെ കേൾക്കട്ടെ" (cf ലൂക്കാ 16:29) എന്നിങ്ങനെയുള്ള അബ്രാഹത്തിന്റെ രൂക്ഷതയുള്ള വാക്കുകൾ അവരെയും നമ്മെയും ബാധിക്കും. മരണ

ത്തിന്റെയും പാപത്തിന്റെയും മേൽ ദിവ്യമണവാളൻ നേടിയ അന്തിമ വിജയം ആഘോഷിക്കാൻ ഇത്തരത്തിലുള്ള ശ്രദ്ധാപൂർവകമായ കേൾക്കൽ നമ്മെ ഏറ്റവും ഉചിതമായ രീതിയിൽ സജ്ജീകൃതരാക്കും. ആ മണവാളൻ ഇപ്പോൾ ഉത്ഥിതനാണ്. തന്റെ വരവിനെക്കുറിച്ചുള്ള പ്രതീക്ഷയിൽ തന്നോട് ഉടമ്പടി ചെയ്തവരെ വിശുദ്ധീകരിക്കാൻ ആ മണവാളൻ ആഗ്രഹിക്കുന്നു.

ഈ നോമ്പുകാലം നമുക്കു നഷ്ടപ്പെടുത്താതിരിക്കാം. മാന സാന്തരപ്പെടാൻ ഏറെ അനുകൂലമായ കാലഘട്ടമാണിത്. കന്യകാമ റിയത്തിന്റെ മാതൃത്വപരമായ മധ്യസ്ഥതയിലൂടെ നമുക്ക് ഇത് യാചി ക്കാം. തന്റെ മേൽ സൗജന്യമായി ചൊരിയപ്പെട്ട ദൈവിക കാരുണ്യ ത്തിന്റെ മഹത്ത്വത്തെ കണ്ടുമുട്ടിയപ്പോൾ അവൾ സ്വന്തം വിനീതാ വസ്ഥ അംഗീകരിക്കുന്നതിൽ പ്രഥമസ്ഥാനത്തു നിന്നു (cf ലൂക്കാ 1:48). കർത്താവിന്റെ എളിയദാസിയെന്നു തന്നെത്തന്നെ വിളിക്കുകയും ചെയ്തു.

**ഫ്രാൻസിസ് മാർപാപ്പാ**

## അഭിവന്ദ്യ ക്രിസോസ്റ്റം പിതാവിന്റെ ഹാശാ ആഴ്ചയിലെ ശുശ്രൂഷ സ്ഥലങ്ങൾ

| | |
|---|---|
| **ഓശാന** | **- കത്തീഡ്രൽ ദൈവാലയം** |
| **കാൽ കഴുകൽ ശുശ്രൂഷ** | **- കുമ്പഴ മലങ്കര കത്തോലിക്കാപള്ളി** |
| **ദുഃഖ വെള്ളി** | **- കാർമ്മല മലങ്കര കത്തോലിക്കാപള്ളി** |
| **ഈസ്റ്റർ** | **- കാർമ്മല മലങ്കര കത്തോലിക്കാപള്ളി** |

## അറിയിപ്പ്

ഹാശാ ആഴ്ചയിലെ യാമപ്രാർഥനകൾക്കുള്ള നമസ്ക്കാര പുസ്ത കത്തിന്റെ കോപ്പികൾ അരമനയിൽ ലഭ്യമാണ്. വില 30 രൂപാ.

# എപ്പോഴും സന്തോഷിക്കുവിൻ

## (1 തെസ്സ. 5,16)

ദൈവമക്കളായ നാം എപ്പോഴും സന്തോഷിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നമുക്ക് ഈ സന്തോഷം എപ്പോഴും ഉണ്ടായിരിക്കണം. നമ്മിൽ അതുണ്ടെങ്കിൽ, പ്രകാശരശ്മി പോലെ അത് മറ്റുള്ളവരിലേക്ക് പ്രസരിക്കും. നമ്മിൽ നിന്ന് അത് കര കവിഞ്ഞൊഴുകണം. “എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു” എന്നുദ്ഘോഷിച്ച അമ്മ നമുക്കെല്ലാം മാതൃകയാണ് (ലൂ.1,47). “നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനാൽ സന്തോഷിക്കുവിൻ” എന്ന കർതൃനിർദേശമായിരിക്കണം നമ്മുടെ സന്തോഷത്തിന്റെ യഥാർഥ കാരണം. *സുവിശേഷത്തിന്റെ സന്തോഷം* എന്ന പേരിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ എഴുതിയ ഗ്രന്ഥം സന്തോഷത്തിന് പ്രേരണ നൽകുന്നു.

പഴയ നിയമത്തിൽ ഉടനീളം, പ്രത്യേകിച്ച്, ഏശായായുടെ ഗ്രന്ഥത്തിലും സങ്കീർത്തനങ്ങളിലും സന്തോഷത്തെ പരാമർശിക്കുന്നു. “നീ ജനത്തിന് അത്യധികം ആനന്ദം നൽകി”(ഏശാ.9,3). “ആർത്തട്ടഹസിക്കുവിൻ, സന്തോഷത്തോടെ കീർത്തനം ആലപിക്കുവിൻ” (ഏശാ.12,6). “രക്ഷാദിനത്തിൽ ആകാശമേ, ആനന്ദഗീതമാലപിക്കുക, ഭൂമിയേ, ആർത്തുവിളിക്കുക. മലകളേ, ആർത്തുപാടുക. കർത്താവ് തന്റെ ജനത്തോട് കരുണ കാണിക്കും”(ഏശാ.40,13). “സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക” എന്ന് സക്കറിയാ പ്രവാചകനും പറയുന്നു (9,9).

“ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കട്ടെ.സീയോന്റെ മക്കൾ തങ്ങളുടെ രാജാവിൽ ആനന്ദിക്കട്ടെ. നൃത്തം ചെയ്തുകൊണ്ട് അവർ അവിടുത്തെ നാമത്തെ സ്തുതിക്കട്ടെ. തപ്പുകൊട്ടിയും കിന്നരം മീട്ടിയും അവർ അവിടുത്തെ സ്തുതിക്കട്ടെ.... വിശ്വസ്തജനം ജയഘോഷം മുഴക്കട്ടെ. അവർ തങ്ങളുടെ കിടക്കകളിൽ ആനന്ദംകൊണ്ട് പാടട്ടെ. അവരുടെ കണ്ഠങ്ങളിൽ ദൈവസ്തുതി ഉയരട്ടെ”(സങ്കീ. 149,2-3.5-6). ഈ ആശയം തന്നെ 150-ാം സങ്കീർത്തനത്തിലും കാണാം.: “കാഹളനാദത്തോടെ അവിടുത്തെ സ്തുതിക്കുവിൻ. വീണയും കിന്നരവും മീട്ടി അവിടുത്തെ സ്തുതിക്കുവിൻ. തപ്പുകൊട്ടിയും നൃത്തമാടിയും അവിടുത്തെ സ്തുതിക്കുവിൻ. തന്ത്രികളും കുഴലുകളും കൊണ്ട് അവിടുത്തെ സ്തുതിക്കുവിൻ. ഉച്ചത്തിൽ മുഴങ്ങുന്ന കൈത്താളം കൊട്ടി അവിടുത്തെ സ്തുതിക്കുവിൻ”(150,3-5).

നിറഞ്ഞ സന്തോഷം ഹൃദയത്തിൽ ഉണ്ടെങ്കിലേ മേൽപ്പറഞ്ഞവിധം സ്തുതിക്കാൻ കഴിയൂ. അപ്രകാരമുള്ള ഭക്തനാണ് സ്തുതിക്കാൻ ആഹ്വാനം ചെയ്യുന്നത്. ഈ ആനന്ദം ഹൃദയത്തിൽ നിക്ഷേപിക്കുന്നത് ദൈവമാണ് (സ

ങ്കീ.4,7). ദൈവത്തിൽ അഭയം തേടുന്നവർക്കും കർതൃനാമത്തെ സ്നേഹിക്കുന്നവർക്കുമാണ് ഈ സന്തോഷമുള്ളത്. അവർ ആനന്ദിച്ച് ആർപ്പുവിളിക്കാൻ പ്രവാചകൻ ആഹ്വാനം ചെയ്യുന്നു (സങ്കീ.5,11). കർത്താവ് നൽകുന്ന വിമോചനവും രക്ഷയും ഓർത്ത് സന്തോഷിക്കാം. കർത്താവ് വലത്തുഭാഗത്തും കൺമുമ്പിലും ഉള്ളതിനാൽ സന്തോഷിക്കാം (സങ്കീ.9,2.14;13,5;16,8-9;35,9). കർതൃസന്നിധിയിൽ ആനന്ദപൂർണതയും ശാശ്വതസന്തോഷവുമുണ്ട്. കർത്താവിനെ തേടുന്നവർ എന്നും സന്തുഷ്ടരായിരിക്കും. അവർ കർത്താവിന്റെ കാരുണ്യത്തിലും അചഞ്ചലസ്നേഹത്തിലും ആനന്ദിച്ചാഹ്ലാദിക്കും (സങ്കീ.16,11;22,26;31,7).

"ഭൂവാസികളേ, ആഹ്ലാദത്തോടെ ദൈവത്തിന് ആർപ്പുവിളിക്കുവിൻ, ജനതകളെല്ലാം ആഹ്ലാദിക്കുകയും ആനന്ദഗീതം ആലപിക്കുകയും ചെയ്യട്ടെ. കുന്നുകൾ സന്തോഷം അണിയട്ടെ. താഴ്വരകൾ സന്തോഷം കൊണ്ട് ആർത്തുപാടട്ടെ. നീതിമാന്മാർ സന്തോഷഭരിതരാകട്ടെ. ദൈവന്നിധിയിൽ അവർ ഉല്ലസിക്കട്ടെ. അവർ ആനന്ദംകൊണ്ട് മതിമറക്കട്ടെ (സങ്കീ.65,12-13;66,1.4;68,3-4). വീണ്ടും, "ആകാശം ആഹ്ലാദിക്കട്ടെ. ഭൂമി ആനന്ദിക്കട്ടെ. സമുദ്രവും അവയിൽ ഉള്ളവയും ആർപ്പുവിളിക്കട്ടെ. വയലും അതിലുള്ളവയും ആഹ്ലാദിക്കട്ടെ. വനവൃക്ഷങ്ങൾ ആനന്ദഗീതം ഉതിർക്കട്ടെ.(സങ്കീ.96,11-12). "ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവൻ ഞങ്ങൾ സന്തോഷിച്ചുല്ലസിക്കട്ടെ"(സങ്കീ.90,15).


കർതൃഹിതം നിറവേറ്റുന്നതിലും കർത്താവ് ആഗ്രഹങ്ങൾ സാധിച്ചു തരുന്നതിലും സന്തോഷിക്കാം (സങ്കീ.37,4;40,8). ദൈവത്തെ പാടിസ്തുതിക്കുന്നത് ആനന്ദകാരണമാണ് (71,23). ദൈവത്തോട് ചേർന്നു നിൽക്കുമ്പോൾ ആനന്ദം ലഭിക്കും. ദൈവത്തിന്റെ അത്ഭുതകർമങ്ങൾ ആനന്ദകാരണമാണ്. കർതൃനിയമം പാലിക്കുന്നത് ആനന്ദകാരണമാണ് (73,28;92,4;1,2). ഹൃദയത്തിൽ സന്തോഷം ഉണ്ടെങ്കിലേ അത് പ്രകടിപ്പിക്കാനാവൂ. ആഹ്ലാദാരവത്തോടെയും വാദ്യഘോഷത്തോടെയും ദൈവത്തെ സ്തുതിക്കാൻ സന്തുഷ്ടഹൃദയം അപരിത്യാജ്യമാണ്. പാപിക്ക് സ്തോത്രഗീതം ഇണങ്ങുന്നില്ല. അതുകൊണ്ട് ദൈവത്തെ സ്നേഹിക്കുന്നവർ സർവ കഴിവുകളും ഉപയോഗിച്ച് കർത്താവിനെ സ്തുതിക്കാൻ സങ്കീർത്തകൻ ആഹ്വാനം ചെയ്യുന്നു. എത്ര സ്തുതിച്ചാലും മതിയാകയില്ല. അവിടുന്ന് അതിനെല്ലാം ഉപരിസ്ഥനാണ്.

പരിശുദ്ധാത്മാവിൽ ആനന്ദിക്കുന്ന മിശിഹായെ നാം കാണുന്നു (ലൂ.10,21). യേശുവിന്റെ ദൗത്യം തുടങ്ങിയപ്പോൾ സ്നാപകൻ വിളിച്ചു പറഞ്ഞു, "എന്റെ സന്തോഷം പൂർണമായിരിക്കുന്നു"(യോഹ.3,20). കർത്താവിന്റെ സന്തോഷം നമ്മിൽ വസിക്കണമെന്നും നമ്മുടെ സന്തോഷം പൂർണമാകണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു (യോഹ.15,11). തന്റെ സന്ദർശനത്തിൽ ശിഷ്യരുടെ ദുഃഖം സന്തോഷമായി മാറുമെന്ന് കർത്താവ് വാഗ്ദാനം ചെയ്യുന്നു

(യോഹ.16,20.22).ഉത്ഥാനം ചെയ്ത കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു (യോഹ.20,20). ശിഷ്യന്മാർ ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേർന്നിരുന്നു (നട.2,46). ശിഷ്യന്മാർ പോയിടങ്ങളിലെല്ലാം വലിയ സന്തോഷം ഉണ്ടായി (നട.8,8). പീഡനങ്ങളുടെ നടുവിലും അവർ ആനന്ദത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞിരുന്നു (നട.13,52).നവശിഷ്യരും സന്തോഷഭരിതരായി ജീവിതയാത്ര തുടർന്നു (നട.8,39). തടവറ സൂക്ഷിപ്പുകാരനും കുടുംബവും വിശ്വസിച്ച് അത്യന്തം ആനന്ദിച്ചു (നട.16,34).

ദൈവം നമ്മെ സൃഷ്ടിച്ച നാൾ മുതൽ ഇന്നയോളം ഓരോരുത്തർക്കും ചെയ്തിട്ടുള്ള നന്മകൾ ഓർത്തു സന്തോഷിക്കാം. നമുക്കു ലഭിച്ച വിശ്വാസം ഓർത്തും നമ്മെ രക്ഷിച്ചതോർത്തും അനുനിമിഷം പരിപാലിക്കുന്നതോർത്തും സന്തോഷിക്കാം. തന്റെ പരിശുദ്ധാത്മാവിനെ നമ്മിൽ സമൃദ്ധമായി വർഷിച്ചതോർത്തും നമ്മോടുകൂടെ നിത്യം വസിക്കുകയും തന്റെ ശരീരരക്തങ്ങളാൽ നമ്മെ പരിപോഷിപ്പിക്കുകയും ചെയ്യുന്നതോർത്തും സന്തോഷിക്കാം. മനോഹരമായ ഭൗമികപൂന്തോട്ടം നമുക്കായി സൃഷ്ടിച്ചതോർത്തും ഇത്രത്തോളം കരുണാപൂർവം വഴി നടത്തിയതോർത്തും സന്തോഷിക്കാം. ദൈവസ്നേഹത്താൽ നമ്മുടെ ഹൃദയം നിറച്ചതോർത്തും നമുക്കുവേണ്ടി അനേകരെ ഉത്തേജിപ്പിച്ചതോർത്തും സന്തോഷിക്കാം. ഇങ്ങനെ നോക്കിയാൽ നമുക്കു സന്തോഷിക്കാൻ അനേകം കാരണങ്ങളുണ്ട്. ആ സന്തോഷം നമ്മുടെ ഉള്ളിൽ നിറഞ്ഞു കവിയട്ടെ. ചിറപൊട്ടി ഒഴുകട്ടെ. "ഇതാ, എന്റെ തോട് നദിയായി. എന്റെ നദി സമുദ്രമായി" (പ്രഭാ.24,31). ആ സന്തോഷം മറ്റുള്ളവരെ സന്തോഷചിത്തരാക്കട്ടെ. നാം ജീവിക്കുന്നതിന്റെ സന്തോഷം വർധമാനമാക്കണം. വിശുദ്ധ പൗലോസ് ശ്ലീഹാ ഫിലിപ്യരോട് പറയുന്നു:"നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ". (3,1;4.4).

**മൽപ്പാൻ ജി. ചേടിയത്ത്**



# മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പത്തൊമ്പതാമത് സാധാരണ എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിച്ചു

2016 ഫെബ്രുവരി 16 – ന് തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ ആരംഭിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പത്തൊമ്പതാമത് സാധാരണ എപ്പിസ്കോപ്പൽ സുന്നഹദോസ് 20 – ന് സമാപിച്ചു.

സുന്നഹദോസിനോടനുബന്ധിച്ച് സഭയിലെ വിവിധ സന്ന്യാസസമൂഹങ്ങളുടെ സുപ്പീരിയേഴ്സുമായും ടീമംഗങ്ങളുമായും കൂടിക്കാഴ്ച നടത്തി. സഭാതലത്തിലുള്ള വിവിധ സുന്നഹദോസ് കമ്മീഷനുകളുടെ വാർഷിക അവലോകനവും, കാരുണ്യവർഷത്തോടനുബന്ധിച്ച് വിവിധ രൂപതകളിൽ നടപ്പിൽ വരുത്തേണ്ട കാര്യങ്ങളും സഭയുലെ പൊതു ശുശ്രൂഷകളെക്കുറിച്ചുള്ള ആലോചനകളും നടന്നു. മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സുന്നഹദോസിൽ സഭയിലെ എല്ലാ മെത്രാന്മാരും പങ്കെടുത്തു.

## എം. സി. വൈ. എം ഭദ്രാസനം

### എം. സി. വൈ. എം ഭദ്രാസന കർമ്മപദ്ധതി ഉദ്ഘാടനം

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം) പത്തനംതിട്ട ഭദ്രാസന സമിതിയുടെ 2016 വർഷത്തെ കർമ്മപരിപാടികൾ കടമ്മനിട്ട സെന്റ് ജോൺസ് മലങ്കര കത്തോലിക്കാ പള്ളിയിൽ ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് ജോബിൻ ഈനോസ് അദ്ധ്യക്ഷത വഹിച്ചു. പത്തനംതിട്ട ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പൊതുസമ്മേളനവും മലങ്കര കത്തോലിക്കാസഭ യൂത്ത് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ കർമ്മപദ്ധതിയും ഉദ്ഘാടനം ചെയ്തു. സ്ക്രിപ്ച്ചൂറ 2015 (ബൈബിൾ പകർത്തിയെഴുത് മത്സരം) പങ്കെടുത്ത 54 പേർക്ക് സർട്ടിഫിക്കറ്റ് നൽകി. പത്തനംതിട്ട ഭദ്രാസന സമിതി മുൻ നേതാക്കന്മാരെ ആദരിച്ചു. മുളന്തറ, തട്ട, അതിരുങ്കൽ എന്നി യൂണിറ്റുകളെ 2015 ലെ മികച്ച യൂണിറ്റുകളായി തെരഞ്ഞെടുത്ത് ഭദ്രാസന ഡയറക്ടർ പ്രഖ്യാപിച്ചു. മൂന്ന് യൂണിറ്റുകൾക്കും ട്രോഫികൾ വിതരണം ചെയ്തു. പത്തനംതിട്ട

ഭദ്രാസന മുഖ്യവികാരി ജനറാൾ മോൺ.ജോസ് ചാമക്കാലായിൽ കോർഎപ്പി സ്കോപ്പാ, നാരങ്ങാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.കടമ്മനിട്ട കരുണാകരൻ, ജനറൽ സെക്രട്ടറി ശ്രീ.ജിജോ കുഞ്ഞുമോൻ, റാന്നി - പെരുനാട് വൈദികജില്ലാ വികാരി വെരി.റവ.ഫാ.ജോൺ തുണ്ടിയത്ത്, സഭാതലസമിതി പ്രസിഡന്റ് റെന്നിരാജ്, ഫാ.ബോബി മലഞ്ചരുവിൽ, സി.ഐറിൻ കണ്ണന്താനം, കുമാരി. ആഷ്‌ലി മെറിൻ രാജ് എന്നിവർ സംസാരിച്ചു.

**ഓൺ ലൈൻ ക്വിസ് പ്രോഗ്രാം**

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ എഫാത്ത 2016 എന്ന പേരിൽ ഓൺലൈൻ ക്വിസ് പ്രോഗ്രാം ഓമല്ലൂർ ഉപാസന പാസ്റ്ററൽ സെന്ററിൽവച്ച് ഭദ്രാസന പ്രസിഡന്റ് ജോബിൻ ഈനോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ, ഭദ്രാസന ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ കിഴക്കേതിൽ ഉദ്ഘാടനം ചെയ്തു.

മാർച്ച് 6 മുതൽ ഡിസംബർ 31 വരെയാണ് ക്വിസ് പ്രോഗ്രാമിന്റെ കാലാവധി. പ്രായഭേദമെന്യേ ആർക്കും പങ്കെടുക്കും. എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ ഔദ്യോഗിക ഫേസ് ബുക്ക് പേജിൽ എല്ലാ ഞായറാഴ്ചയും ചോദ്യങ്ങൾ പോസ്റ്റ് ചെയ്യും, അടുത്ത ഒരു ആഴ്ച കമന്റുകളായി ഉത്തരങ്ങൾ പോസ്റ്റ് ചെയ്യാം. വിജയികളുടെ പേര് വിവരങ്ങൾ എല്ലാ ശനിയാഴ്ചയും ഫേസ് ബുക്ക് പേജിൽ പോസ്റ്റ് ചെയ്യും. ഈ ഒരു വർഷം ഏറ്റവും അധികം ശരി ഉത്തരങ്ങൾ നൽകി ഒന്നാം സ്ഥാനത്ത് എത്തുന്നവരെ വിജയിയായി പ്രഖ്യാപിക്കുകയും വാർഷിക സമ്മേളനത്തിൽ സർട്ടിഫിക്കറ്റും അവാർഡും നൽകി ആദരിക്കുകയും ചെയ്യും.

കൂടുതൽ വിവരങ്ങൾക്കും ഉത്തരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും
സന്ദർശിക്കേണ്ട എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ
ഔദ്യോഗിക പേജ് വിലാസം
https://www.facebook.com/Mcym Pathanamthitta

**സത്യപ്രതിജ്ഞയും സെക്രട്ടറിയേറ്റ് മീറ്റിംഗും**

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് പത്തനംതിട്ട ഭദ്രാസന ഭാരവാഹികളുടെ സത്യപ്രതിജ്ഞയും സെക്രട്ടറിയേറ്റ് മീറ്റിംഗും പത്തനംതിട്ട ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന പ്രസിഡന്റ് ജോബിൻ ഈനോസ് അദ്ധ്യക്ഷത വഹിച്ചു. പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കായി യുവജനനേതൃത്വം എപ്പോഴും പ്രവർത്തിക്കണമെന്ന് യുവജനനേതാക്കന്മാരെ അഭിസംബോധന ചെയ്ത് അഭിവന്ദ്യ പിതാവ് സംസാരിച്ചു. അരമന ചാപ്പലിൽ വച്ച് അഭി.പിതാവിന്റെ സാന്നിധ്യത്തിൽ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു. സെക്രട്ടറിയേറ്റ് മീറ്റിംഗിൽ കരുണയുടെ വർഷാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി 2016 വർഷത്തെ കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചു. ഭദ്രാസനതല കർമ്മപദ്ധതി ഉദ്ഘാടനം ഫെബ്രുവരി 21 ഞായർ ഉച്ചയ്ക്ക് 1.30 ന് കടമ്മനിട്ട മലങ്കര കത്തോലിക്കാ ദൈവാലയത്തിൽവച്ച് നടത്തുന്നതിന് തീരുമാനിച്ചു.

പത്തനംതിട്ട രൂപത മുഖ്യവികാരി ജനറാൾ മോൺ. ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പ, ജനറൽ സെക്രട്ടറി ജിജോ കുഞ്ഞുമോൻ, ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ, ആനിമേറ്റർ സി.ഐറിൻ കണ്ണന്താനം, ഷിജോ വി വർഗീസ്, ജിഫിൻ സാം എന്നിവർ പ്രസംഗിച്ചു.

**പാതിനോമ്പാചരണവും വി.കുരിശിന്റെ വഴിയും**

മലങ്കര കത്തോലിക്കാ സഭ പത്തനംതിട്ട ഭദ്രാസന പാതിനോമ്പാചരണവും ഗോഗുൽത്താ സ്ഥാപന ശുശ്രൂഷയും റാന്നി-പെരുനാട് കുരിശുമല തീർത്ഥാടന ദൈവാലയത്തിൽവച്ച് നടത്തി. നോമ്പാചരണത്തിന്റെ ഭാഗമായി ഭദ്രാസന എം.സി.വൈ.എം, എം.സി.എ, മാതൃസമാജം എന്നി ഭക്തസംഘടനകളുടെ നേതൃത്വത്തിൽ വി.കുരിശിന്റെ വഴി രാവിലെ 6.00 ന് പത്തനംതിട്ട കത്തീഡ്രൽ ദൈവാലയത്തിൽനിന്നാരംഭിച്ചു. പത്തനംതിട്ട വൈദികജില്ലാ വികാരി റവ.ഫാ.മാത്യു ആലുംമൂട്ടിൽ ഉദ്ഘാടനം ചെയ്തു. മോൺ.ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പാ, റവ.ഫാ.സെബാസ്റ്റ്യൻ കിഴക്കേതിൽ, പ്രസിഡന്റ് ജോബിൻ ഈനോസ്, പി.കെ.ജോസഫ് മേലേക്കൂറ്റ്, റവ.ഫാ.ജോൺ തുണ്ടിയത്ത്, റവഫാ.ഫിലിപ്പോസ് ചരിവുപുരയിടത്തിൽ, റവ.ഫാ.വർഗീസ് വിളയിൽ, റവ.ഫാ.സാം ജോൺ കുഴിപ്പാറ, ജനറൽ സെക്രട്ടറി ജിജോ കുഞ്ഞുമോൻ, പ്രിന്റു അലക്സ്, റ്റിറ്റി.എം.രാജൻ, ജിഫിൻ സാം എന്നിവർ നേതൃത്വം നൽകി. തീർത്ഥാടന കുരിശിന്റെ വഴിയിൽ 500 ൽ അധികം ആളുകൾ പങ്കെടുത്തു. പെരുനാട് ദൈവാലയത്തിൽ വികാരി റവ.ഫാ.ജോസി ചിറയത്ത് സ്വീകരിച്ചു. തുടർന്ന് ഗോഗുൽത്ത സ്ഥാപന ശുശ്രൂഷയും നടത്തി. ശുശ്രൂഷകൾക്ക് മോൺ ജോസ് ചാമക്കാലായിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

## റാന്നി – പെരുനാട്

### ഭക്തസംഘടനകളുടെ കർമ്മപദ്ധതി ഉദ്ഘാടനം

റാന്നി- പെരുനാട് വൈദികജില്ലയിലെ എം.സി.വൈ.എം, മാതൃവേദി, എം.സി.എ തുടങ്ങിയ എല്ലാ ഭക്തസംഘടനകളുടെയും കർമ്മപദ്ധതികളുടെയും സംയുക്ത ഉദ്ഘാടനം ഫെബ്രുവരി 20-ാം തീയതി മൈലപ്ര തിരുഹൃദയ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. കർമ്മപദ്ധതി ഉദ്ഘാടനം അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ നിർവഹിച്ചു. പത്തനംതിട്ട ഭദ്രാസന മുഖ്യവികാരി ജനറാൾ റൈറ്റ്.റവ.മോൺ ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പാ അനുഗ്രഹപ്രഭാഷണ നടത്തി. വെരി.റവ.ഫാ.ജോൺ തുണ്ടിയത്ത് അദ്ധ്യക്ഷത വഹിച്ചു. റവ.ഫാ.ഷാജി കരിംപ്ലാനിൽ OFM (Cap) 'ഇടപെടലാണ് ആത്മീയത' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. എം.സി.എ പ്രസിഡന്റ് ശ്രീ.ഏബ്രഹാം കോന്നാത്ത് സ്വാഗതം ആശംസിച്ചു. ശ്രീമതി.റൂബി തോമസ് ചാമക്കാലായിൽ, ശ്രീമതി.സുജാ ബാബു കളീക്കൽ എന്നിവർ ആശംസകൾ നേർന്നു.ബിബിൻ പി രാജു നന്ദി രേഖപ്പെടുത്തി.

## പത്തനംതിട്ട വൈദികജില്ല

എം.സി.വൈ.എം പത്തനംതിട്ട വൈദിക ജില്ലയുടെ നേതൃത്വത്തിൽ നടന്ന യുവജന ധ്യാനം പ്രിൻസ് കോയിക്കലച്ചനും പരീക്ഷാ ഒരുക്ക ക്ലാസ്സ് ബഹുമാനപ്പെട്ട ജോൺ കമ്പാറയച്ചനും നേതൃത്വം നൽകി. **2016 മാർച്ച് 6 – ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.00 മണിക്ക്** വാഴമുട്ടം ദൈവാലയത്തിൽ വച്ച് പരിപാടികൾ നടന്നു. 4 മണിക്ക് 2016 ലെ 'കനിവ്' എന്ന പത്തനംതിട്ട വൈദികജില്ലാ എം.സി.വൈ.എം കർമ്മപദ്ധതിയുടെ പ്രകാശനം ജില്ലാ പ്രസിഡന്റ് അഗസ്റ്റിൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ഗീതാവിജയൻ നിർവഹിക്കുകയും ചെയ്തു.

**എം.സി.വൈ.എം ജില്ലാ ഭാരവാഹികൾ**

ജില്ലാ രക്ഷാധികാരി : റവ.ഫാ.മാത്യു ആലുംമൂട്ടിൽ
ജില്ലാ ഡയറക്ടർ : റവ.ഫാ.പ്രിൻസ് കോയിക്കൽ
ആനിമേറ്റർ : റവ.സി.ഹൃദ്യ എസ്.ഐ.സി

ലേ-ആനിമേറ്റർ : ഡി.ബെന്നിക്കുട്ടി (വാഴമുട്ടം)
പ്രസിഡന്റ് : അഗസ്റ്റിൻ ജോസഫ് (ഇലന്തൂർ)
വൈസ് പ്രസിഡന്റ് : ഫ്രെൺസൺ ബിജു (ഏറത്തുമ്പമൺ)
വൈസ് പ്രസിഡന്റ് : ശ്വേത റോയി (പത്തനംതിട്ട)
സെക്രട്ടറി : സോളമൻ (ഓമല്ലൂർ)
ജോയിന്റ് സെക്രട്ടറി : ആൻ മരിയറ്റ് സ്ലീബാ (ഓമല്ലൂർ)
ജോയിന്റ് സെക്രട്ടറി : ജിതിൻ ജോൺ (കടമ്മനിട്ട)
ട്രഷറാർ : ആൽബിൻ മാത്യു (ഇലന്തൂർ)
സിൻഡിക്കേറ്റ് : അജോ.സി.ജോൺ (പത്തനംതിട്ട)
സിൻഡിക്കേറ്റ് : അജോയി.പി.തോമസ് (വയലത്തല)
സിൻഡിക്കേറ്റ് : ആഷ്‌ലി മെറിൻ രാജ് (ഏറത്തുമ്പമൺ)
സിൻഡിക്കേറ്റ് : സീന സൈമൺ (അറ്ററികം)
എക്സിക്യൂട്ടീവ് : ഷാജി റ്റി. (പുത്തൻപീടിക)

## പന്തളം വൈദികജില്ല

### വാർഷിക സെനറ്റ്

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് പന്തളം വൈദികജില്ലയുടെ വാർഷിക സെനറ്റ് കുറിച്ചിമുട്ടം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. ജില്ലാ പ്രസിഡന്റ് സോൾ പണിക്കർ അദ്ധ്യക്ഷത വഹിച്ചു. പത്തനംതിട്ട ഭദ്രാസനസമിതി പ്രസിഡന്റ് ഷിജോ.വി.വർഗീസ് ഉദ്ഘാടനം ചെയ്തു. 45 ജില്ലാ പ്രതിനിധികൾ പങ്കെടുക്കുകയും യൂണിറ്റ് റിപ്പോർട്ടുകൾ, ജില്ലയുടെ വാർഷിക റിപ്പോർട്ട്, കണക്ക് എന്നിവ അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തു. തുടർന്ന് 2016-17 വർഷത്തേക്കുള്ള കാര്യപരിപാടിയെപ്പറ്റി ചർച്ച നടത്തി. റവ.ഫാ.സെബാസ്റ്റ്യൻ കിഴക്കേതിൽ, ജില്ലാ ഡയറക്ടർ റവ.ഫാ.തോമസ് ചിറയത്ത്, സോൾ പണിക്കർ, നീതു ജോസ്, ജെറിൻ, ജോമോൻ റ്റി ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

### കർമ്മപദ്ധതി ഉദ്ഘാടനവും, പരീക്ഷ ഒരുക്ക ധ്യാനം

എം.സി.വൈ.എം പന്തളം വൈദികജില്ലയുടെ നേതൃത്വത്തിൽ കുട്ടികൾക്കായി പരീക്ഷാ ഒരുക്കധ്യാനം 2016 ഫെബ്രുവരി 20-ാം തീയതി പറന്തൽ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. ജീസസ്സ് യൂത്ത് കൊല്ലം സോൺ ആണ് ധ്യാനത്തിനു നേതൃത്വം നൽകിയത്.

2016 - 2017 വർഷത്തേക്കുള്ള ജില്ലയുടെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും കർമ്മപദ്ധതിയുടെ പ്രകാശനവും പന്തളം ജില്ലാ വികാരി വെരി.റവ. ഫാ.ജോസഫ് തടത്തിൽ നിർവ്വഹിച്ചു. അന്നേദിവസം ജില്ലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻവേണ്ടി എല്ലാ യൂണിറ്റുകളുടെയും പ്രസിഡന്റ്, സെക്രട്ടറിമാരുടെ യോഗവും നടത്തി. 102 യുവജനങ്ങൾ ഈ മീറ്റിങ്ങിൽ പങ്കെടുത്തു. റവ.ഫാ.തോമസ് ചിറയത്ത്, റവ.ഫാ.മാത്യു നെരിയാട്ടിൽ, റവ.ഫാ. റോബിൻ തൈക്കൂട്ടത്തിൽ, സോൾ പണിക്കർ, നീതു വർഗീസ് എന്നിവർ പ്രസംഗിച്ചു.

**2016 – 17 വർഷത്തെ ജില്ലാ ഭാരവാഹികൾ**

പ്രസിഡന്റ് : സോൾ പണിക്കർ (പറന്തൽ)
വൈസ് പ്രസിഡന്റ് : കെസിയ തോമസ് (കുരമ്പാല)
വൈസ് പ്രസിഡന്റ് : നിതിൻ ബാബു (തട്ട)
സെക്രട്ടറി : നീതു വർഗീസ് (കുറിച്ചിമുട്ടം)
ജോയിന്റ് സെക്രട്ടറി : അഗസ്റ്റീന ആന്റണി (കൈപ്പട്ടൂർ)
വർഗീസ് തോമസ് കെ (ആറന്മുള)
ട്രഷറാർ : ജെറിൻ പി മാത്യു (ഉള്ളന്നൂർ)
സിൻഡിക്കേറ്റ് അംഗങ്ങൾ : ജോബിൻ തോമസ് (പന്തളം)
സിൻഡിക്കേറ്റ് : ജിനി തോമസ് (കുറിച്ചിമുട്ടം)
സിൻഡിക്കേറ്റ് : മിഖാ.എസ്.മലഞ്ചരുവിൽ (ഉള്ളന്നൂർ)
സിൻഡിക്കേറ്റ് : നീനു അലക്സ് (തുമ്പമൺ)
പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൽ 2016 ഫെബ്രുവരി 20-ാം തീയതി ശനിയാഴ്ച സത്യപ്രതിജ്ഞ ചെയ്തു.

## കോന്നി വൈദികജില്ല

### കർമ്മപദ്ധതി ഉദ്ഘാടനവും പരീക്ഷ ഒരുക്കധ്യാനവും ഭാരവാഹികൾക്ക് സ്വീകരണവും

2016 ഫെബ്രുവരി 28-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1.30 മുതൽ അട്ടച്ചാക്കൽ ദൈവാലയത്തിൽവച്ച് കോന്നി വൈദികജില്ല പ്രസിഡന്റ് സജി വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽവച്ച് കർമ്മപദ്ധതി ബഹു. ആന്റോ കണ്ണംകുളം അച്ചൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്തംഗം റോജി എബ്രഹാം കർമ്മപദ്ധതി പ്രകാശനം ചെയ്തു. ജില്ലാ ഡയറക്ടർ റവ. ഫാ.ദാനിയേൽ കൊഴുവക്കാട്ട് കർമ്മപദ്ധതി വിശദീകരിച്ചു. ഭദ്രാസനത്തിന്റെ പുതിയ ഭാരവാഹികളെ അനുമോദിച്ച് സഭാതല പ്രസിഡന്റ് റെന്നിരാജും പഞ്ചാ

യത്തംഗം ദീനാമ്മ റോയിയും ആശംസകൾ അർപ്പിച്ചു. ജില്ലാ സെക്രട്ടറി ബിബിൻ സ്വാഗതവും സുലു സാമുവേൽ നന്ദിയും പറഞ്ഞു. സിസ്റ്റർ.ആനിമേറ്റർ ശാന്തി എസ്.ഐ.സിയും മറ്റ് ജില്ലാ ഭാരവാഹികളും പരിപാടികൾക്ക് നേതൃത്വം നൽകി. കലോത്സവ വിജയികൾക്കുള്ള സമ്മാനം വിതരണം ചെയ്തു. ഇരുന്നൂറ് യുവ ജനങ്ങൾ പരിപാടിയിൽ പങ്കെടുത്തു. ഉച്ചയ്ക്ക് നടന്ന പരീക്ഷ ഒരുക്കധ്യാന ത്തിന് സിസ്റ്റർ.സുഷ്മ എസ്.ഐ.സി നേതൃത്വം നൽകി.

**2016 –17 വർഷത്തെ ജില്ലാ ഭാരവാഹികൾ**

പ്രസിഡന്റ് : സജി വർഗീസ് (കൊക്കാത്തോട്)
വൈസ് പ്രസിഡന്റ് : ഷിബി ജോൺ (കൂടൽ)
അനൂപ് തങ്കച്ചൻ (കിഴവള്ളൂർ)
സെക്രട്ടറി : ബിബിൻ ഏബ്രഹാം (അതിരുങ്കൽ)
ജോയിന്റ് സെക്രട്ടറി : സുലു സാമുവൽ (വകയാർ)
ജോയിന്റ് സെക്രട്ടറി : മനു ജോൺ (അതുമ്പുംകുളം)
ട്രഷറാർ : ജോബിൻ പി.വി (ളാക്കൂർ)
ജില്ലാ സിൻഡിക്കേറ്റ്സ് : ജോബിൻ ഈനോസ് (വകയാർ)
സിൻഡിക്കേറ്റ്സ് : ജിജോ കുഞ്ഞുമോൻ (ഊട്ടുപാറ)
സിൻഡിക്കേറ്റ്സ് : പ്രിന്റു അലക്സ് (മുളന്തറ)
സിൻഡിക്കേറ്റ്സ് : സിബിലി മറിയം തമ്പി (ളാക്കൂർ)

**വി. കുരിശിന്റെ വഴി**

കോന്നി വൈദികജില്ലാ എം.സി.വൈ.എം ന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തി വരുന്ന വി.കുരിശിന്റെ വഴി മാർച്ച് മാസം 13-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.30 ന് അതിരുംങ്കൽ ദൈവാലയത്തിൽ നിന്നും മുറി ഞ്ഞകൽ ദൈവാലയത്തിലേക്ക് നടത്തപ്പെട്ടു.

**സുവിശേഷസംഘം തുടർ പരിശീലന ക്ലാസ്സുകൾ**

റാന്നി-പെരുനാട് വൈദികജില്ലയുടെയും ഉപജില്ലയുടെയും സുവി ശേഷസംഘം തുടർപരിശീലന ക്ലാസ്സുകൾ ജനുവരി മാസം 6-ാം തീയതി മണ്ണാ രക്കുളഞ്ഞി സെന്റ് ജോൺ ക്രിസോസ്റ്റം ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. മൂന്നു മാസത്തിൽ ഒരിക്കലാണ് ക്ലാസ്സുകൾ നടക്കുക. ദൈവവചനത്തെ ക്കുറിച്ച് റവ.ഫാ.ബെന്നി നാരകത്തിനാൽ, റവ.ഫാ.ജെയിംസ് ഇലഞ്ഞിക്കൽ എന്നിവർ നേതൃത്വം നൽകി. സിസ്റ്റർ. ഫ്രാൻസീന എസ്.ഐ.സി, സിസ്റ്റർ. രമ്യ എസ്.ഐ.സി എന്നിവരും മണ്ണാരക്കുളഞ്ഞി ഇടവക വികാരിയും പ്രസ്തുത ക്ലാസ്സിൽ ഉണ്ടായിരുന്നു. ആരാധനയ്ക്കും കുമ്പസാരത്തിനും റവ. ഫാ.വർഗീസ് വിളയിലും, തോമസ് പടിപ്പുരയ്ക്കൽ അച്ചനും നേതൃത്വം നൽകി.

70 പേരിൽ കൂടുതൽ ക്ലാസ്സിൽ പങ്കെടുത്തു. അടുത്ത തുടർപരിശീലന ക്ലാസ്സുകൾ 2016 മെയ് മാസം 28-ാം തീയതി (അവസാന ശനി) മണ്ണാരക്കുളഞ്ഞി ദൈവാലയത്തിൽവച്ച് നടത്തപ്പെടുന്നു. തീയതിക്ക് എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ അറിയിക്കുന്നതാണ്.

## മാതൃവേദി

**ഉപവാസ പ്രാർത്ഥന**

പത്തനംതിട്ട വൈദികജില്ലാ മാതൃവേദിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 20-ാം തീയതി ശനിയാഴ്ച രാവിലെ 9 മുതൽ 2 വരെ ഏറത്തുമ്പമൺ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽവച്ച് ഉപവാസ പ്രാർത്ഥന നടത്തി. 300 ൽപരം അമ്മമാർ ഈ ധ്യാനത്തിൽ പങ്കെടുത്തു. റവ.ഫാ.ജോൺ കമ്പാറയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ ധ്യാനം ജില്ലാ ഭാരവാഹികളുടെയും യൂണിറ്റ് ഭാരവാഹികളുടെയും പിന്തുണയിൽ നടത്തപ്പെട്ടു. ഫാ. ജിൻസ് മേപ്പുറത്ത് ധ്യാനചിന്തകൾ നൽകി.

## വിശ്വാസ പരിശീലന കാര്യാലയം

**ക്രേദോ 2016 (മലങ്കര ബൈബിൾ ഓറിയന്റേഷൻ കോഴ്സ് ):**

ഈ വർഷം പത്തനംതിട്ട രൂപത വിശ്വാസപരിശീലനകാര്യാലയത്തിന്റെ നേതൃത്വത്തിൽ **വിവാഹം - കുടുംബം** എന്ന വിഷയം ആസ്പദമാക്കി **മലങ്കര ബൈബിൾ ഓറിയന്റേഷൻ കോഴ്സ് (എം. ബി. ഓ. സി)** ബഹു. ശെമ്മാശ്ശന്മാരുടെയും സിസ്റ്റേഴ്സിന്റെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ മാർച്ച് 28 മുതൽ ഏപ്രിൽ 29 വരെ നമ്മുടെ ഇടവകകളിൽ നടത്തുന്നതാണ്. മൂന്ന് പ്രായവിഭാഗമാണ് എം. ബി. ഓ. സി യിൽ ഉള്ളത്. നഴ്സറി മുതൽ 2-ാം ക്ലാസ് വരെ, 3-ാം ക്ലാസ് മുതൽ 7-ാം ക്ലാസ് വരെ,8-ാം ക്ലാസ് മുതൽ മുകളിലോട്ടുള്ള ക്ലാസിലുള്ളവർ

വി.ബൈബിൾ, മൂല്യങ്ങൾ, ദൈവവിളി, വ്യക്തിത്വവികസന ക്ലാസുകൾ, ബൈബിൾ വചന പഠനകളരി, ധ്യാനം തുടങ്ങിയ വിവിധ വിഷയങ്ങൾ ഈ വർഷത്തെ M B O C യുടെ പ്രത്യേകതകളാണ്. കുഞ്ഞുങ്ങൾക്ക് ഒരു പുതിയ ജീവിതദർശനം ലഭിക്കുന്നതിന് ഈ വർഷത്തെ ക്ലാസുകൾ ഉപകരിക്കും.

മലങ്കര കത്തോലിക്കാ സഭ സുന്നഹദോസിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന M B O C എല്ലാ ദൈവാലയങ്ങളിലും ക്രമീകരിക്കുമല്ലോ. പരമാവധി കുഞ്ഞുങ്ങൾ M B O C യിൽ പങ്കെടുക്കത്തക്ക വിധത്തിൽ ക്രമീകരിക്കേണ്ടതാണ്.

**രണ്ടാം സെമസ്റ്റർ, മത്സര പരീക്ഷ** : 2015-16 വർഷത്തെ രണ്ടാംസെമസ്റ്റർ പരീക്ഷ 2016 ഏപ്രിൽ 3 ഞായറാഴ്ച അതാത് ഇടവകകളിൽ

വച്ച് 2 മണി മുതൽ 4 മണിവരെയും, മത്സര പരീക്ഷകൾ ഏപ്രിൽ 17 (ഞായർ) 2 മണി മുതൽ 4.30 വരെ ജില്ലാ-സബ്ജില്ലാ കേന്ദ്രങ്ങളിൽ വച്ചും നടക്കുന്നതാണ്.

## പ്രഥമാദ്ധ്യാപക സംഗമം

ജനുവരി 3 ഞായറാഴ്ച 3 മണിക്ക് പത്തനംതിട്ട ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്ന സണ്ടേസ്കൂൾ പ്രഥമാദ്ധ്യാപകരുടെ ക്രിസ്മസ് - പുതുവത്സരാഘോഷത്തോടനുബന്ധിച്ചുള്ള സംഗമത്തിന് അഭിവന്ദ്യ തിരുമേനി നേതൃത്വം നൽകി. ബഹുമാനപ്പെട്ട മോൺ. ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പ ക്ലാസ് എടുത്തു. സുവർണ്ണ ജൂബിലി ആഘോഷിച്ച സണ്ടേസ്കൂൾ കോ-ഓർഡിനേറ്റർ സിസ്റ്റർ പാസ്ക്കൽ എസ്. ഐ. സി യെയും കെ. സി. ബി. സി മികച്ച മതാദ്ധ്യാപകനുള്ള അവാർഡ് ലഭിച്ച ശ്രീ. സാമുവൽ പുതുപ്പറമ്പിലിനെയും ആദരിക്കുകയും പുരസ്ക്കാരം നൽകുകയും ചെയ്തു. എല്ലാ പ്രഥമാദ്ധ്യാപകർക്കും പുതുവത്സര സമ്മാനമായി 2016 ലെ ഡയറി വിതരണം ചെയ്തു.

## അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റി വാർത്തകൾ

### ലോക ക്യാൻസർ ദിനാചരണം

അനുഗ്രഹ സോഷ്വൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഈ വർഷത്തെ ക്യാൻസർ ദിനാചരണം നടത്തി. രാവിലെ 9.30 ന് ആര്യാഭാരതി ഹൈസ്കൂളിൽ നിന്നാരംഭിച്ച സൈക്കിൾ റാലി പത്തനംതിട്ട ഡി.വൈ.എസ്.പി ശ്രീ.എ.സന്തോഷ് കുമാർ ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ഗീതാവിജയന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം ജില്ലാ പഞ്ചായത്തംഗം ശ്രീമതി. എലിസബേത്ത് അബു ഉദ്ഘാടനം ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ഗ്രേസി ഇത്താക്ക് മുഖ്യപ്രഭാഷണം നടത്തി. ഡോ.ക്രിസ്റ്റഫർ ക്യാൻസർ ബോധവത്ക്കരണ ക്ലാസ്സ് നയിച്ചു. ഡയറക്ടർ റവ.ഫാ.വർഗീസ് ചാമക്കാലായിൽ, ശ്രീമതി. ദീനാമ്മ റോയി തുടങ്ങിയവർ പ്രസംഗിച്ചു.

### അനുഗ്രഹ – കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി

കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെയും സഹകരണത്തോടുകൂടി അനുഗ്രഹ സോഷ്വൽ സർവ്വീസ് സൊസൈറ്റി ജില്ലയിൽ നടപ്പിലാക്കുന്ന സമഗ്ര കശുമാവ് കൃഷിയുടെ പദ്ധതി ആസൂത്രണം ചെയ്തു. കെ.എസ്.എ.സി.സി സെപ്ഷ്വൽ ഓഫീസർ ശ്രീ.എ.ഇക്ബാൽ കോ-ഓർഡിനേറ്റർ ശ്രീ.എ.അഷ്റഫ്, ഡയറക്ടർ റവ.ഫാ.വർഗീസ് ചാമക്കാലായിൽ എന്നിവർ സംബന്ധിച്ചു.

### കാരിത്താസ് ഇൻഡ്യ സന്ദർശനം

കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ശ്രീ.അമൽ കൃഷ്ണ ഓഫീസ്

സന്ദർശിച്ച് പദ്ധതി വിഭാവനം ചെയ്തു. ശ്രീ.സി.ഒ.വർഗീസ്, ഫാ.വർഗീസ് ചാമക്കാലായിൽ, അനുഗ്രഹ സാമൂഹ്യ സംഘാടകർ എന്നിവർ സംബന്ധിച്ചു.

**ക്യാൻസർ ബോധവൽക്കരണം**

പിരപ്പൻകോട് മാർ ഗ്രിഗോറിയോസ് ക്യാൻസർ കെയർ സെന്ററിന്റെയും തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിന്റെയും സഹകരണത്തോടുകൂടി ജൂലൈ മാസം മുതൽ വിവിധ സ്ഥലങ്ങളിൽ ക്യാൻസർ നിർണ്ണയ ക്യാമ്പ്, ബോധവൽക്കരണ ക്ലാസ്സുകൾ മുതലായവ ക്രമീകരിച്ചിരിക്കുന്നു.

**സൗജന്യ നേത്ര പരിശോധന ക്യാമ്പ്**

പത്തനംതിട്ട ജില്ലാ ആശുപത്രിയുടെ സഹകരണത്തോടുകൂടി ഫെബ്രുവരി 16-ാം തീയതി ഓമല്ലൂർ ഉപാസന പാസ്റ്ററൽ സെന്ററിൽവച്ച് സൗജന്യ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.

**തെങ്ങിൻ ചങ്ങാതിക്കൂട്ടം**

കേന്ദ്ര സർക്കാരിന്റെ കൃഷി വകുപ്പിന്റെ കീഴിലുള്ള നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടിയുള്ള തെങ്ങിൻ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ 15-ാം ബാഞ്ച് പൂർത്തിയായി. ഈ പദ്ധതി വഴി 300 വ്യക്തികൾക്ക് പരിശീലനവും സൗജന്യമായി യന്ത്രവും സർക്കാരിന്റെ സർട്ടിഫിക്കറ്റും നൽകി.

**നബാർഡ് അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി**

അനുഗ്രഹ നബാർഡുമായി ചേർന്ന് സൗജന്യ ചെറുകിട സംരഭകത്വ വികസന പരിശീലന പരിപാടി നടത്തപ്പെടുന്നു. തേനിച്ച വളർത്തൽ, കൂൺകൃഷി തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

**തയ്യൽ പരിശീലനം**

അനുഗ്രഹയുടെ നേതൃത്വത്തിൽ ഓമല്ലൂർ, കോന്നി, തണ്ണിത്തോട് എന്നിവിടങ്ങളിൽ വനിതകൾക്കായി തയ്യൽ പരിശീലനം ക്രമീകരിച്ചിരിക്കുന്നു.

**ആശാകിരണം സന്നദ്ധ പ്രവർത്തകർ**


ആഗോള സഭ കരുണയുടെ വിശുദ്ധ വർഷമായി ആചരിക്കുന്ന ഈ പശ്ചാത്തലത്തിൽ കാരിത്താസ് ഇൻഡ്യ അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന ആശാകിരണം ക്യാൻസർ സുരക്ഷ യജ്ഞത്തിലേക്ക് നമ്മുടെ ഇടവകയിൽ നിന്നുള്ള സന്നദ്ധ പ്രവർത്തകരെ സാദരം ക്ഷണിക്കുന്നു. ക്യാൻസർ പോലെയുള്ള മാരകരോഗങ്ങൾക്കെതിരെയുള്ള ബോധവത്ക്കരണ പരിപാടികൾ, ജൈവകൃഷിയുടെ പ്രോത്സാഹനം, മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണം, മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ മുതലായവയാണ് ഇവരുടെ ലക്ഷ്യങ്ങൾ. ഒരു ഇടവകയിൽ നിന്ന് രണ്ട് പേരാണ് (ഒരു പുരുഷൻ, ഒരു സ്ത്രീ)ഇതിൽ അംഗമാകേണ്ടത്.



കാതോലിക്കാ സ്ഥാനാരോഹണ
വാർഷികം കൊണ്ടാടുന്ന മലങ്കര സഭ
യുടെ തലവനും പിതാവുമായ
**മോറാൻ മോർ ബസേലിയോസ്**
**ക്ലീമിസ് കർദിനാൾ ബാവാ**
**തിരുമനസിന്**

പത്തനംതിട്ട ഭദ്രാസനത്തിന്റെ
പ്രാർത്ഥനാശംസകൾ


## നാമഹേതുക തിരുനാൾ ആശംസകൾ...



March 18


തോമസ് മാർ
കൂറിലോസ്

## മെത്രാഭിഷേക വാർഷികം ആഘോഷിക്കുന്ന വന്ദ്യ പിതാക്കന്മാർക്ക്




March 10

ജേക്കബ് മാർ
ബർണബാസ്



March 13

വിൻസന്റ് മാർ
പൗലോസ്



March 13

സാമുവേൽ മാർ
ഐറേനിയോസ്



March 13

തോമസ് മാർ
അന്തോണിയോസ്



March 13

ഫിലിപ്പോസ് മാർ
സ്തേഫാനോസ്

**പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ**

# Donation Received from Parishioners for the construction of Clergy Home, Kumbazha

| Sl. No. | Name | Parishes | Amount |
|---|---|---|---|
| 2401 | Mr. Yesudas,Biju Bhavan | Aranmula | 1500 |
| 2402 | Mr. jiju P pappachan, Puthenparampil | Attachackal | 10000 |
| 2403 | Mr. K.V. Alexander, koothineth Mannil | Konnythazham | 1000 |
| 2404 | Mr. Babu Joseph, Anuvilla | Thumpamon | 1000 |
| 2405 | Mr. T.P. Johny, Thekkekara | Thumpamon | 1000 |
| 2406 | Mr. M.C. Cheriyan, Munduvelil | Thumpamon | 500 |
| 2407 | Mrs. Usha, Plankalayil | Thumpamon | 1000 |
| 2408 | Mr. K.E. Benny, Kuzhinapurath | Cheeckanal | 1000 |
| 2409 | Mr. George, Nissi Bhavan | Lakoor | 1000 |
| 2410 | Mr. C.T. Mathai, Maliyeckal | Lakoor | 1000 |
| 2411 | Mr. P.A. Joykutty, Cyble Industies ltd | Chennai | 100000 |
| 2412 | St. Marys M.C.C M.C.Y.M unit | Mulanthara | 5000 |
| 2413 | Mr. Varghese Thomas, Kavungal House, Kalaketty | Moolakayam | 250 |
| 2414 | Mr. Philipose Mathai, Thakidiyil House | Pampavally | 200 |
| 2415 | Mr. V.C. Cherian, valiyaparambil House | Pampavally | 500 |
| 2416 | Mrs. Annamma Varghese, Kizhakkethil | Moolakayam | 200 |
| 2417 | Mr. Shibu Abraham, Neduvelil House | Moolakayam | 150 |
| 2418 | Mr. John Abraham, | Ullannoor | 1000 |
| 2419 | Mrs. Moncy ,Alakkottukizhakkethil | Thannithode | 1000 |
| 2419 | Mr. Geevarghese, Melottu | Thannithode | 1000 |
| 2419 | Mr. Georgekutty, Charuvilayil | Thannithode | 1000 |
| 2419 | Mr. Varghese V.G, Vadakkemannil | Thannithode | 1500 |
| 2419 | Mr. Thomas. P, Kochukaleeckal Robin Villa | Thannithode | 1000 |
| 2419 | Mr. Yesudas, Mulloorputhenvedu | Thannithode | 1000 |
| 2419 | Mr. John, Punnackattumannil | Thannithode | 1000 |
| 2419 | Mr. K.G.Skariah , Koickal | Thannithode | 1000 |
| 2419 | Mr. BabukuttyC.G, Chakkanattethu | Thannithode | 1000 |

| | | | |
|---|---|---|---|
| 2419 | Mrs. Thressiamma Ponnachan, Thoppintekizhakkethil | Thannithode | 500 |
| 2419 | Mrs. Rahelamma Kozhikunnathu | Thannithode | 1000 |
| 2419 | Mrs. Ammukutty Varghese, Pinattumoottil | Thannithode | 1000 |
| 2419 | Mr. Thomas, Puthuparambil | Thannithode | 1000 |
| 2419 | Mr. Abraham V.A, Vilangil | Thannithode | 1000 |
| 2419 | Mr. V.M. Varkey, Kollamparampil | Thannithode | 1000 |
| 2419 | Mr. K.C. Abraham, Kanlathil | Thannithode | 1000 |
| 2419 | Mrs. Marykutty Mathai, Parayadiyil | Thannithode | 500 |
| 2419 | Mr. Freddy George, Ayerattu | Thannithode | 1000 |
| 2419 | Mr. Christy J, Plavilayil | Thannithode | 1000 |
| 2419 | Mrs. Alice mathew, Budhanikunnil | Thannithode | 150 |
| 2419 | Mr. Bince John, Ezhipurayil | Thannithode | 1000 |
| 2419 | Mr. James C.V, Charivukalaputhenveedu | Thannithode | 500 |
| 2419 | Mr.Skariah P.D, Pezhummoottil | Thannithode | 500 |
| 2419 | Mr. Sajan T Alex, Thevarthottathil | Thannithode | 500 |
| 2419 | Mr. Thomas K.A, Kiliroorparampil | Thannithode | 500 |
| 2419 | Mr. San Abraham, Parayidathil | Thannithode | 500 |
| 2419 | Mrs. Rosamma, Parayidathil | Thannithode | 500 |
| 2419 | Mr. Saji Abraham, Parayidathil | Thannithode | 500 |
| 2419 | Mr. Cherian Abraham, Parayidathil | Thannithode | 500 |
| 2419 | Mr. Reji ,Kozhikunnathu | Thannithode | 500 |
| 2419 | Mr. Rajan E.D, Thevarthottathil | Thannithode | 500 |
| 2419 | Mr. Jose KA, Karavallil | Thannithode | 1000 |
| 2419 | Mr. Chacko K.M, Kanackattu | Thannithode | 500 |
| 2419 | Mr. James K.J, Karikanlathil | Thannithode | 500 |
| 2419 | Mr.Pappachan, Koothinethu | Thannithode | 500 |
| 2419 | Mr. Thankachan M.D, Pezhummoottil | Thannithode | 500 |
| 2419 | Mr. Roy. PT, Pezhummoottil | Thannithode | 500 |
| 2419 | Mr. K.M. Varghese, Kanackattu | Thannithode | 500 |
| 2419 | Mr. V.M. Thomas, Vattaparampil | Thannithode | 1000 |

| | | | |
|---|---|---|---|
| 2419 | Mr. K.G. Thomas, Koickal | Thannithode | 1000 |
| 2419 | Mr. Chacko PT, Puthenveettil thekkethil | Thannithode | 500 |
| 2419 | Mr. Mathai Thomas, Mukkarnattu | Thannithode | 500 |
| 2419 | Mr.Devasya Abraham, kuruvilolickal | Thannithode | 500 |
| 2419 | Mr. Monachan, karikanlathil | Thannithode | 400 |
| 2419 | Mr. Joy William, Manalel | Thannithode | 500 |
| 2419 | Mr. Georgekutty, Moozhickal Puthenpurayil | Thannithode | 500 |
| 2419 | Mr. Jose P.V, Parayadiyil | Thannithode | 500 |
| 2419 | Mr. Daniel Thomas, Palanilkkunnathil | Thannithode | 500 |
| 2419 | Mr. Varghese p. Kochukaleeckal | Thannithode | 500 |
| 2419 | Mrs. Usha Cherian, Koickal | Thannithode | 1000 |
| 2419 | Mr. Roy. ET, Elavanamukkala | Thannithode | 500 |
| 2419 | Mr. Joseph Joseph, Pazhayamadam | Thannithode | 500 |
| 2419 | Mr. Chacko K.A, Kiliroorparampil | Thannithode | 500 |
| 2419 | Mr. Fransis TK, Karikantathil | Thannithode | 500 |
| 2419 | Mr.. Johny, Plavilavadakkethil | Thannithode | 500 |
| 2419 | Mr. Varghese K.J, Kaithanayil | Thannithode | 500 |
| 2419 | Mr.. Georgekutty | Thannithode | 1000 |
| 2419 | Mr. K.P Babu, Kochukaleeckal | Thannithode | 1000 |
| 2419 | Mrs. Rosamma, Kaleeckal | Thannithode | 500 |
| 2419 | Mr. Raju Plavilavadakkethil | Thannithode | 500 |
| 2419 | Mrs. Mariyamma Varghese, Pathalil | Thannithode | 1000 |
| 2419 | Mr. Michel, Charivukalayil | Thannithode | 500 |
| 2419 | Mr.Saji Thomas, kurathyattu | Thannithode | 1000 |
| 2420 | Mr. Shaji Mathew , Chempakamamoottil | Ponnampu | 1000 |
| 2421 | Mr. George K.M, Kollanparampil, Mathoor | Erathumpamon | 1000 |
| 2422 | Mrs. Thankamma Varghese, Pallathumuriyil, Mathoor | Erathumpamon | 2000 |
| 2423 | Mr. Joykutty Mathew, Kunnumpurathu, Oonnukal | Erathumpamon | 500 |

| | | | |
|---|---|---|---|
| 2424 | Mr. Bobby, Tholuparampil ,Mathoor | Erathumpamon | 500 |
| 2425 | Mr. Thomas Varghese, Pallathumuriyil, jerome villa | Erathumpamon | 1000 |
| 2426 | Mr. Thankachan K.O, Kochukulanjiyil, Mathoor | Erathumpamon | 500 |
| 2427 | Malankara Catholic Church | Pongaladi | 25000 |
| 2428 | Mr. Roy, Changeth | Pathanamthitta | 5000 |
| 2429 | Mr. Abraham Koshy, Kunnel House, | Uthimood | 1000 |
| 2430 | Mr. Thomas Chacko, Parappuzha House, | Uthimood | 500 |
| 2431 | St. Marys Kurisumala church Perunad | Perunad | 50000 |

(തുടരും)

## അറിയിപ്പ്

2015-2016 വരവ്-ചെലവ് കണക്കുകൾ 2016 മാർച്ച് 31 ന് മുമ്പായി കമ്മറ്റിയിലും പൊതുയോഗത്തിലും അവതരിപ്പിച്ച് കണക്കുകൾ പാസാക്കിയും പുതിയ ഭാരവാഹികളുടെ ലിസ്റ്റും 2016 ഏപ്രിൽ മാസം അരമനയിൽ അടയ്ക്കണം. തീയതിയും സമയവും പിന്നീട് അറിയിക്കും. മുൻ വർഷത്തെപ്പോലെ കണക്കുകൾ ഇന്റേർണൽ ഓഡിറ്റിംഗും ചാർട്ടേഡ് ഓഡിറ്റിംഗും നടത്തി വേണം അരമനയിൽ അടയ്ക്കേണ്ടത്. കണക്കുകൾ ഓഡിറ്റിംഗ് നടത്തുവാൻ ചാർട്ടേർഡ് ഓഡിറ്ററിനെ ആവശ്യമെങ്കിൽ പ്രൊക്രേറ്റർ ഓഫീസുമായി ബന്ധപ്പെടുക.

2016-2017 മുതലുള്ള പുതുക്കിയ വൈദീക സംരക്ഷണ ഫണ്ടിന്റെ തുക 2016 ഏപ്രിൽ മാസം മുതൽ നിലവിൽ വരുന്നതായിരിക്കും.

**റവ. ഫാ. ജോഷി വാഴപ്പിള്ളേത്ത്**

പ്രൊക്രേറ്റർ





സി. ബി. സി. ഐ യുടെ പ്രസിഡന്റായി
വീണ്ടും തെരഞ്ഞെടുക്കപ്പെട്ട
മലങ്കര സഭയുടെ തലവനും
പിതാവുമായ
**മോറാൻ മോർ ബസേലിയോസ്**
**ക്ലീമിസ് കർദിനാൾ ബാവാ**
**തിരുമനസിന്**

പത്തനംതിട്ട ഭദ്രാസനത്തിന്റെ
അനുമോദനങ്ങൾ....





## മറിയാമ്മ തങ്കം

**ജനനം : 1934** **മരണം : 2016 മാർച്ച് 9**

**മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ വിൽസന്റ് മാർ പൗലോസ് പിതാവിന്റെ വാത്സല്യ മാതാവിന് പത്തനംതിട്ട ഭദ്രാസനത്തിന്റെ**

ആദരാഞ്ജലികൾ






റാന്നി–പെരുനാട് വൈദികജില്ലയിലെ എം.സി.വൈ.എം, മാതൃവേദി, എം.സി.എ
തുടങ്ങിയ ഭക്തസംഘടനകളുടെ കർമ്മപദ്ധതി ഉദ്ഘാടനം
അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ നിർവഹിച്ചു.



എം.സി.വൈ.എം പത്തനംതിട്ട
വൈദിക ജില്ലയുടെ കർമ്മപദ്ധതി ഉദ്ഘാടനം
ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
ശ്രീമതി.ഗീതാവിജയൻ നിർവഹിച്ചു.

## എം. സി. വൈ. എം. ഭദ്രാസന കർമ്മപദ്ധതി ഉദ്ഘാടനം



മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ് (എംസിവൈഎം) പത്തനംതിട്ട ഭദ്രാസന സമിതിയുടെ 2016 വർഷത്തെ കർമ്മപരിപാടികൾ കടമ്മനിട്ട സെന്റ് ജോൺസ് മലങ്കര കത്തോലിക്കാ പ്പള്ളിയിൽവച്ച് പത്തനംതിട്ട ഭദ്രാസന മെത്രാപ്പോലീത്ത അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം പൊതുസമ്മേളനവും മലങ്കര കത്തോലിക്കാസഭ യൂത്ത് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത കർമ്മപദ്ധതിയും ഉദ്ഘാടനം ചെയ്തു.




എഫാത്ത 2016 എന്ന പേരിൽ ഓൺലൈൻ ക്വിസ് പ്രോഗ്രാം ഓമല്ലൂർ ഉപാസന
പാസ്റ്ററൽ സെന്ററിൽ വച്ച് ഭദ്രാസന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ ഉദ്ഘാടനം ചെയ്തു.



2016 ഫെബ്രുവരി 16-ന് തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ
നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പത്തൊമ്പതാമത് സാധാരണ എപ്പിസ്കോപ്പൽ സുന്നഹദോസ്

Shalom, PTA. 0468 2220110, 9495926750